# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1103 12.06.2014 -ലെ മറുപടിയ്ക്ക്

## വൈപ്പിൻ ആർട്സ് കോളേജ്

*ചോദ്യം* *ഉത്തരം*

ശ്രീ. എസ്. ശർമ്മ ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ആർടസ് കോളേജിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടും തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) (ബി) & (സി) | വൈപ്പിൻ മണ്ഡലത്തിൽ പുതിയ കോളേജ് എളംകുന്നപുഴ സർക്കാർ ഹയർസെക്കൻഡറി സ്കൂൾ വക ഭൂമിയിൽ ആരംഭിക്കുന്നതിനും താൽകാലികമായി കോളേജ് പ്രവർത്തിപ്പിക്കുന്നതിനു അടുത്തുള്ള സർക്കാർ വക എൽ പി എസ് സ്കൂളിന്റെ ഉപയോഗിക്കാത്ത കെട്ടിടം ഉപയോഗിക്കുന്നതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കോളേജിൽ ആരംഭിക്കുന്ന വിഷയങ്ങൾ, സാമ്പത്തിക ബാധ്യത , പുതിയ തസ്തികകൾ തുടങ്ങിയവ സംബന്ധിച്ച വിശദമായ പ്രപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കോളേജിന്റെ പ്രവർത്തനം ഈ വരുന്ന അദ്ധ്യയന വർഷത്തിൽ തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |
| (സി) | കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സം ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ